**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6632** **11-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ടൂറിസം വികസന സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ടൂറിസം വികസന സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാര മേഖലയിൽ നിന്ന് സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 10% സമാഹരിക്കുന്നതിന് ലക്ഷ്യമിടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | വിനോദസഞ്ചാര മേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷം സംസ്ഥാനം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. വിനോദസഞ്ചാരികളുടെ എണ്ണത്തിലും വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിലും വർദ്ധനവ് ഉണ്ടാക്കാൻ ആസൂത്രിതമായ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. പുതിയ ഉത്പന്നങ്ങൾ അവതരിപ്പിച്ചും ഡെസ്റ്റിനേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തിയും വിനോദസഞ്ചാര മേഖലയിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്.<br><br>അതോടൊപ്പം മാർക്കറ്റിംഗ് മേഖലയിലും ആസൂത്രിത ഇടപെടൽ നടത്തുകയാണ്. സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകളായ പുലികളി, കാരവൻ ഷോർട്ട് ഫിലിം, കഥകളി, ജലകായിക മേളകൾ തുടങ്ങിയ വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയ തലത്തിൽ പ്രചരിപ്പിച്ചുകൊണ്ട് സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു. ഇത് കൂടാതെ കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തി ലണ്ടൻ, ഡബ്ലിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, മ്യൂണിച്ച്, ഫ്രാങ്ക്ഫർട്ട് തുടങ്ങിയ നഗരങ്ങളിൽ B2B മീറ്റുകളും സംഘടിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ടൂറിസം വകുപ്പ് നിർണായകമായ സംഭാവനകളാണ് നൽകുന്നത്. ടൂറിസത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനായി സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതോടൊപ്പം അടിസ്ഥാന സൗകര്യ |

| | | | |
|---|---|---|---|
| | | | വികസനവും നൂതന ടൂറിസം പദ്ധതികളും വകുപ്പ് ലക്ഷ്യമിടുന്നു.<br><br>ആദ്യ പടിയായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ടൂറിസം സീസൺ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു വർഷത്തെ ടൂറിസം ഉത്സവ ആഘോഷങ്ങൾ സംബന്ധിച്ച കലണ്ടർ മുൻകൂറായി പ്രസദ്ധീകരിക്കുകയും അതനുസരിച്ചുള്ള പ്രചരണ ക്യാംപെയിൻ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഓണാഘോഷം , ചാമ്പ്യൻസ് ബോട്ട് ലീഗ് തുടങ്ങിയവ അന്താരാഷ്ട്ര സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പ്രചരണം നടത്തുന്നുണ്ട്. ബീച്ച് ടൂറിസം, സാഹസിക ടൂറിസം എന്നിവ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഗ്ലാസ്സ് ബ്രിഡ്ജ് മുതലായ പദ്ധതികൾക്കൊപ്പം ബേപ്പൂർ ഫെസ്റ്റ്, കയാക്കിംഗ് ഫെസ്റ്റ്, സർഫിംഗ്, പാരാഗ്ലൈഡിംഗ് തുടങ്ങിയ സാഹസിക വിനോദ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഹെറിറ്റേജ് ടൂറിസം സർക്യൂട്ടുകൾ, ലിറ്ററി സർക്യൂട്ടുകൾ, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയ വൈവിധ്യമാർന്നതും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>ടൂറിസം രംഗത്ത് ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തി അടിസ്ഥാന സൗകര്യ വികസനത്തിൽ നേട്ടമുണ്ടാക്കാനും അതുവഴി ടൂറിസം വികസനത്തിനു വഴിയൊരുക്കുന്നതുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻ വഴി അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്.<br><br>ഒരേ സമയം അടിസ്ഥാന സൗകര്യ വികസനം, നൂതനമായ പദ്ധതികളും പ്രൊഡക്ടുകളും അവതരിപ്പിക്കുക, ലോകനിലവാരത്തോട് കിടപിടിക്കുന്ന ടൂറിസം അനുഭവങ്ങൾ ലഭ്യമാക്കുക ഒപ്പം ശക്തമായ പ്രചരണ പരിപാടികൾ നടപ്പിലാക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ ആഭ്യന്തര വിദേശ വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതു വഴി കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ ഗണ്യമായ പങ്കുവഹിക്കാനുള്ള പ്രാപ്തിയിലാണ് കേരള ടൂറിസം ലക്ഷ്യമിടുന്നത്. |
| (ബി) | ഗ്രാമീണ തൊഴിൽ മേഖലയുടെ മുഖ്യ സ്രോതസ്സാക്കി വിനോദസഞ്ചാര മേഖലയെ ഉയർത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ബി) | ഗ്രാമീണ തൊഴിൽ മേഖലയുടെ മുഖ്യ സ്രോതസ്സാക്കി വിനോദസഞ്ചാര മേഖലയെ ഉയർത്തുന്നതിനുവേണ്ടി വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രദേശവാസികൾക്ക് കെ.ആർ.ടി.എം. സൊസൈറ്റി (ഉത്തരവാദിത്ത ടൂറിസം മിഷൻ) നേരിട്ട് തൊഴിൽ |

| | | | |
|---|---|---|---|
| | | | നൽകുകയല്ല മറിച്ച് ടൂറിസം മേഖലയ്ക്കാവശ്യമായ പ്രത്യക്ഷ - പരോക്ഷ ഉത്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുവാൻ, വിവിധ പരിശീലനങ്ങളിലൂടെ പ്രാദേശിക ജനസമൂഹത്തെ പ്രാപ്തമാക്കുകയാണ് ചെയ്യുന്നത് .<br><br>ടൂറിസം രംഗത്തെ മാറിവരുന്ന അഭിരുചികൾക്കനുസരിച്ച് വിവിധ പരിശീലനങ്ങൾ പ്രാദേശിക സമൂഹത്തിന് നൽകുകയും ഇപ്രകാരം പരിശീലനം ലഭിച്ച ആളുകളെ ആർ.ടി. യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഈ യൂണിറ്റുകൾ വഴി ചെറുതും വലുതുമായ വിവിധ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് തൊഴിലും വരുമാനവും ഉറപ്പാക്കുന്നു. നിലവിൽ കെ.ആർ.ടി.എം. സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പ്രാദേശിക യൂണിറ്റുകളുടെ എണ്ണം 25,188 ആണ്. ഈ യൂണിറ്റുകളുടെ പ്രവർത്തനം വഴി 52,344 പേർ പ്രത്യക്ഷ ഗുണഭോക്താക്കളും 98,432 പരോക്ഷ ഗുണഭോക്താക്കളും സംസ്ഥാനത്തുണ്ട്. |

സെക്ഷൻ ഓഫീസർ